രൂപീകരിച്ച് റെയിൽവേ വികസന പ്രവൃത്തികൾ നടത്താമെന്ന കേന്ദ്ര സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശം പരിശോധിക്കുകയും സംസ്ഥാനത്തെ റെയിൽവേ വികസനത്തിന് സംസ്ഥാനം തെരഞ്ഞെടുക്കുന്ന പദ്ധതികൾക്കായിമാത്രം റെയിൽവേയും കേരള സർക്കാരും 49:51 അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തിൽ JV(ജോയിന്റ് വെഞ്ചർ കമ്പനി) രൂപീകരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ഇതുസംബന്ധിച്ച് റെയിൽവേയുമായി ഒരു ധാരണാപത്രം 27-01-2016-ൽ ഒപ്പുവയ്ക്കുകയുമുണ്ടായിട്ടുണ്ട്.

സബർബൻ ട്രെയിൻ

106 (491) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബർബൻ ട്രെയിൻ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് ലഭിക്കുന്ന കേന്ദ്രസഹായത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ എന്നു തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചുകൊണ്ട് ആദ്യഘട്ടത്തിൽ തിരുവനന്തപുരം റെയിൽവേ ഡിവിഷന് കീഴിലുള്ള തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ/ഹരിപ്പാട് വരെ ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ടും MEMU/EMU റേക്കുകൾ ഉപയോഗിച്ചും സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് 1-1-2013-ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാ പഠനം മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ കമ്പനിയെ ഏല്പിക്കുകയും അവർ ടി പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള 125.56 കിലോ മീറ്റർ ദൂരത്തേക്ക് ഏകദേശം 3063.97 കോടി രൂപ അടങ്കലിൽ ഈ പദ്ധതി നടപ്പാക്കാൻ കഴിയുമെന്നാണ് മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ തയ്യാറാക്കിയ DPR-ൽ വ്യക്തമാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ റെയിൽവേ വികസനത്തിനുവേണ്ടി സംസ്ഥാനം തിരഞ്ഞെടുക്കുന്ന പദ്ധതികൾക്കായി മാത്രം റെയിൽവേയും കേരള സർക്കാരും 49:51 എന്ന അനുപാതത്തിൽ ഓഹരി പങ്കാളിത്തമുള്ള ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ഇതുസംബന്ധിച്ച് റെയിൽവേയുമായി ഒരു ധാരണാപത്രം 27-1-2016-ൽ ഒപ്പുവയ്ക്കുകയുമുണ്ടായി. സബർബൻ റെയിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്രസർക്കാരിന്റെ അന്തിമ അനുമതി ലഭിക്കുന്ന മുറയ്ക്ക് ടി ജോയിന്റ് വെഞ്ചർ കമ്പനിയുടെ കീഴിൽ ആരംഭിക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേന നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുമ്പോൾ മാത്രമേ കേന്ദ്ര സഹായം സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തത വരികയുള്ളൂ.

(സി) കേരള സർക്കാരിന്റെയും ഇൻഡ്യൻ റെയിൽവേയുടെയും എല്ലാവിധത്തിലുമുള്ള അനുമതിയും ലഭിക്കുന്ന മുറയ്ക്ക് പദ്ധതി തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

റെയിൽവേ ബഡ്ജറ്റിലെ കേരളത്തിന്റെ പദ്ധതികൾ

107 (492) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനത്തിന്റെ ഏതെല്ലാം പദ്ധതികളാണ് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ;

(ബി) ഷൊർണ്ണൂർ-മംഗലാപുരം ഇലക്ട്രിഫിക്കേഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ ബജറ്റ് വിഹിതം ആവശ്യപ്പെടുമോ;

(സി) പഴകിയ കോച്ചുകൾ മാറ്റുന്നതിന്ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ ?

ഉത്തരം

(എ) കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങളടങ്ങിയ മെമ്മോറാണ്ടം സംസ്ഥാന സർക്കാർ 2016-17-ലെ റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി മെമ്മോറാണ്ടത്തിൽ സംസ്ഥാനത്ത് നടന്നുവരുന്ന പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണം, ഗേജ് മാറ്റം, അങ്കമാലി-ശബരി പുതിയ പാത നിർമ്മാണം എന്നിവ പൂർത്തീകരിക്കുന്നതിന് 2016-17-ൽ ആവശ്യമായ